൧൯. ജനുവരി ൧൦-ാംതീയതി ചൊവ്വാഴ്ച കാലത്ത് ൯.൪൫ മണിക്കു മഹാരാജാവു തിരുമനസ്സുകൊണ്ട് അതിഥിമന്ദിരത്തിൽ വച്ച് ബഹുമാനപ്പെട്ട പ്രഭു അവർകളെ ഔപചാരികമായി സന്ദർശിച്ചു. കൊട്ടാരത്തിൽ ൧൦൦ പട്ടാളക്കാർ ബാൻഡോടുകൂടി ഒരു ഗാർഡ് അഫ് ഓണർ ആയി മഹാരാജാവു തിരുമനസ്സിലേക്കു പതിവു പോലെയുള്ള ആചാരങ്ങൾ ചെയ്യുന്നതിനു സന്നിഹിതരായിരുന്നു. തിരുമനസ്സുകൊണ്ടു കൊട്ടാരത്തിൽ നിന്ന് എഴുന്നള്ളിയപ്പോഴും കൊട്ടാരത്തിലേക്കു തിരിച്ചെഴുന്നള്ളിയപ്പോഴും ൧൯ ആചാരവെടികൾ വയ്ക്കപ്പെട്ടു. സംസ്ഥാനാതിഥിമന്ദിരത്തിൽ മഹാരാജാവു തിരുമനസ്സിലെ ഇരുപ്പട്ടാളത്തിലെ ൧൦൦ ഭടന്മാർ ബാൻഡോടും സല്യൂട്ടിംഗ് ബാറ്ററിയോടുംകൂടി ഒരു ഗാർഡ് ഓഫ് ഓണറായി നിലകൊണ്ടിരുന്നു. മഹാരാജാവു തിരുമനസ്സിനെ കൊട്ടാരത്തിൽ നിന്ന് എതിരേറ്റുകൊണ്ടു ചെല്ലുന്നതിനു ബഹുമാനപ്പെട്ട പ്രഭു അവർകളുടെ മിലിട്ടറി സെക്രട്ടറിയും പൊളിറ്റിക്കൽ ഡിപ്പാർട്ടുമെന്റിലെ അണ്ടർ സെക്രട്ടറിയെ പ്രതിനിധീകരിക്കുന്ന ഒരു ഉദ്യോഗസ്ഥനും പ്രഭു അവർകളുടെ ഒരു എ. ഡി. സിയും, കാലത്ത് ൯.൩൫ മണിക്ക് അതിഥിമന്ദിരത്തിൽനിന്നു പുറപ്പെട്ടു. ആ നിയുക്തസംഘത്തെ കൊട്ടാരത്തിൽവച്ച് റസിഡന്റ് സ്വീകരിക്കയും അവരെ തിരുമനസ്സുമായി പരിചയപ്പെടുത്തുകയും ചെയ്തു. തിരുമനസ്സുകൊണ്ടും നിയുക്തസംഘവും അതിനുശേഷം റസിഡന്റ്, ദിവാൻ, താഴെപ്പറയുന്ന ഉദ്യോഗസ്ഥന്മാർ ഇവരാൽ അനുഗതരായി അതിഥിമന്ദിരത്തിലേക്കു പുറപ്പെട്ടു.

റാവുബഹദൂർ രാജനീതിനിപുണൻ എബ്രഹാം വർഗീസ്, ചീഫ് ജസ്റ്റിസ്.
ലഫ്ടനന്റ് കർണ്ണൽ എച്ച്. എൽ. വാട്കിസ്, കമാൻഡാന്റ്.
മി: ജി. പരമേശ്വരൻപിള്ള, ഫെഡറേഷൻ സ്പെഷ്യലാഫീസർ.
മി: എം. കെ. നീലകണ്ഠയ്യർ ഗവണ്മെന്റ് ചീഫ് സെക്രട്ടറി.
ഖാൻബഹദൂർ അബ്ദൽകരിം സാഹിബ്, പൊലീസ് ഇൻസ്പെക്റ്റർ ജനറൽ.
മി: പി. രാമൻനമ്പീശൻ, കൊട്ടാരം സർവാധികാര്യക്കാർ.
മി: എൻ. കൃഷ്ണമൂർത്തി, മഹാരാജാവുതിരുമനസ്സിലെ പ്രൈവററ് സെക്രട്ടറി.
ലഫ്ടനന്റ് പ്രഭാകരൻതമ്പി, മഹാരാജാവുതിരുമനസ്സിലെ എ. ഡി. സി.

തിരുമേനി കാറിൽനിന്ന് ഇറങ്ങിയ ഉടനെ പ്രഭു അവർകളുടെ ഒരു എ. ഡി. സി. വന്നു തിരുമേനിയെക്കണ്ട് സോപാനം വരെ അനുഗമിച്ചു. പൊളിറ്റിക്കൽ അഡൈ്വസർ തിരുമേനിയെ സോപാനത്തിനു മുകളിൽവച്ചു സ്വീകരിച്ചു സ്വീകരണ മുറിയിലേക്കു നയിച്ചു. ബഹുമാനപ്പെട്ട പ്രഭു അവർകൾ തിരുമേനിയെ സ്വീകരണമുറിയിൽ ഇരിപ്പിടത്തിന്റേയും വാതലിന്റേയും മദ്ധ്യത്തിൽവച്ച് സ്വീകരിച്ച് തിരുമേനിയെ പ്രഭു അവർകളുടെ വലത്തുവശത്തുള്ള ഒരു ഇരിപ്പിടത്തിൽകൊണ്ടുചെന്ന് ഇരുത്തി. തിരുമേനിയുടെ വലത്തുവശത്തു റസിഡന്റും അതിനപ്പുറത്തായി ദിവാനും തിരുമേനിയെ അനുഗമിച്ചിരുന്ന മററു ഉദ്യോഗസ്ഥന്മാരും അവരവരുടെ സ്ഥാനക്രമത്തിന് ഇരുന്നിരുന്നു. റസിഡന്റിന്റെ ഇൻഡ്യൻ അസിസ്റ്റന്റും പേഴ്സനൽ അസിസ്റ്റന്റും റസിഡന്റിന്റെ പുറകിൽ ഇരുന്നിരുന്നു. പ്രഭു അവർകളുടെ ഇടത്തുഭാഗത്തു പൊളിറ്റിക്കൽ അഡൈ്വസറും പ്രഭു അവർകളുടെ പ്രൈവററു സെക്രട്ടറിയും മിലിട്ടറി സെക്രട്ടറിയും അണ്ടർ സെക്രട്ടറിയെ പ്രതിനിധീകരിക്കുന്ന ഉദ്യോഗസ്ഥനും പ്രഭു അവർകളുടെ സ്വന്തസ്റ്റാഫും ഇരുന്നു. ചുരുക്കത്തിലുള്ള ഒരു സംഭാഷണത്തിനുശേഷം ദിവാനെയും മഹാരാജാവു തിരുമേനിയുടെ പരിവാരത്തിലെ മററ് ഉദ്യോഗസ്ഥന്മാരെയും റസിഡന്റ് പ്രഭു അവർകളുമായി പരിചയപ്പെടുത്തി. ഇൻഡ്യൻ ഉദ്യോഗസ്ഥന്മാർ കാഴ്ച പൊൻ മോഹർവീതം നാസർ അർപ്പിക്കയും അവയെ സ്പർശിച്ചിട്ടു തിരിച്ചുകൊടുക്കയും ചെയ്തു. കൂടിക്കാഴ്ചയുടെ അവസാനത്തിൽ പ്രഭു അവർകൾ തിരുമേനിയെ ഹാരമണിയിക്കയും അത്തറും പാനും നൽകുകയും ചെയ്തു. പ്രഭു അവർകളുടെ അണ്ടർ സെക്രട്ടറിയെ പ്രതിനിധീകരിച്ച ഉദ്യോഗസ്ഥൻ ദിവാനും തിരു

മേനിയുടെ പരിവാരത്തിലെ മററംഗങ്ങൾക്കും അത്താഴം പൂന്തോപ്പു നൽകി. തിരുമേനി തിരിച്ചെഴുന്നള്ളിയസമയത്തെ ചടങ്ങുകൾ തിരുമേനി ആഗതനായ അവസരത്തിലെപ്പോലെ തന്നെ ആയിരുന്നു. ക്രിക്കാഴ്ച നടന്ന അവസരത്തിൽ സംസ്ഥാനസൈന്യത്തിന്റെ ബാൻഡ് ഉണ്ടായിരുന്നു.

അതിഥിമന്ദിരത്തിന്റെ മുമ്പിൽ ഒരു ഗാർഡ് അഫ് ആണർ അണിനിരന്നുനിന്ന് തിരുമേനി ആഗതനായ സമയത്തും തിരിച്ചെഴുന്നള്ളിയ സമയത്തും അഭിവാദ്യം ചെയ്തു. മഹാരാജാവു തിരുമേനി അതിഥിമന്ദിരത്തിൽ ആഗതനായ സമയത്തും അവിടെ നിന്നു തിരിച്ചെഴുന്നള്ളിയസമയത്തും ൨൧ ആചാരവെടികളും വയ്ക്കപ്പെട്ടു.

൮ ൮ കാലത്തു ൮ ൮ മണിക്കു ബഹുമാനപ്പെട്ട പ്രഭു അവർകൾ കവടിയാർകൊട്ടാരത്തിൽ ചെന്നു മഹാരാജാവുതിരുമേനിയെ ഔപചാരികമായി പ്രതിസന്ദർശനം നടത്തി. പ്രഭു അവർകൾക്കു പതിവനുസരിച്ചുള്ള അഭിവന്ദനം നൽകുന്നതിനു ബാൻഡോടും സല്യൂട്ടിംഗ് ബാറററിയോടും കൂടി ൮ ൦ ൦ പട്ടാളക്കാരുടെ ഒരു ഗാർഡ് അഫ് ആണർ സംസ്ഥാനാതിഥിമന്ദിരത്തിൽ അണിനിരന്നിരുന്നു. പ്രഭു അവർകൾ അതിഥിമന്ദിരത്തിൽ നിന്നു യാത്രപുറപ്പെട്ടപ്പോഴും അവിടെ തിരിച്ചെത്തിയപ്പോഴും ൨൧ ആചാരവെടി വയ്ക്കപ്പെട്ടു. പ്രഭു അവർകൾ വരുമ്പോഴും പോകുമ്പോഴും നടപ്പനുസരിച്ച് അഭിവന്ദനം ചെയ്യുന്നതിനു കവടിയാർകൊട്ടാരത്തിൽ ബാൻഡോടുകൂടി ഒരു ഗാർഡ് അഫ് ആണർ അണിനിരന്നിരുന്നു. ക്രിക്കാഴ്ച നടന്ന അവസരത്തിൽ അമ്പാരിയും നഗരവും വഹിച്ചിരുന്ന സർക്കാർ ആനകളും കൊട്ടാരം അകമ്പടി സേവക്കാരും കൊട്ടാരത്തിൽ സന്നിഹിതരായിരുന്നു. പ്രഭു അവർകളെ കൊട്ടാരത്തിലേക്ക് ആനയിക്കുന്നതിനായി ദിവാനും, ചീഫ് ജസ്റ്റിസും, കമൻഡാൻറും, ഗവണ്മെൻറു ചീഫ് സെക്രട്ടറിയും ഉൾപ്പെടെ ഒരു ഡെപ്യൂട്ടേഷൻ കാലത്തു ൮ ൦-൪ ൫ മണിക്ക് അതിഥിമന്ദിരത്തിൽ ആഗതരായി. ഡെപ്യൂട്ടേഷൻ അംഗങ്ങളെ പൊളിററിക്കൽ ഡിപ്പാർട്ടുമെൻറിലെ അണ്ടർസെക്രട്ടറിയുടെ പ്രാതിനിധ്യം വഹിച്ച ഉദ്യോഗസ്ഥൻ വന്നുകണ്ട് അവരെ പൊളിററിക്കൽ സെക്രട്ടറിയുമായി പരിചയപ്പെടുത്തുകയും അദ്ദേഹം അവരെ പ്രഭുഅവർകളുമായി പരിചയപ്പെടുത്തുകയും ചെയ്തു. പ്രഭു അവർകൾ കാലത്തു ൮ ൦-൪ ൫ മണിക്ക്, പൊളിററിക്കൽ അഡൈ്വസർ, പ്രഭുഅവർകളുടെ പ്രൈവററുസെക്രട്ടറി, മിലിററിസെക്രട്ടറി, അണ്ടർസെക്രട്ടറിയുടെ പ്രാതിനിധ്യമുള്ള ഉദ്യോഗസ്ഥൻ, പ്രഭു അവർകളുടെ സ്വന്തം സ്റ്റാഫ് ഇവരാൽ സേവിതനായി, അതിഥിമന്ദിരത്തിൽ നിന്നു പുറപ്പെട്ടു. അപ്പോൾ സാംസ്ഥാനിക പീരങ്കിപ്പട്ടാളം ൨൧ ആചാരവെടിവച്ചു. പ്രഭു അവർകൾ കാറിൽനിന്ന് ഇറങ്ങിയപ്പോൾ മഹാരാജാവുതിരുമേനി റസിഡൻറിനോടൊന്നിച്ചുചെന്ന് അദ്ദേഹത്തെ സ്വീകരിച്ചു സ്വീകരണമുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി തിരുമേനിയുടെ വലത്തുഭാഗത്ത് ഇരുത്തി. പ്രഭു അവർകളുടെ വലത്തുഭാഗമായി പൊളിററിക്കൽ അഡൈ്വസറും, പ്രഭു അവർകളുടെ പ്രൈവററുസെക്രട്ടറിയും മിലിട്ടറിസെക്രട്ടറിയും, പൊളിററിക്കൽ ഡിപ്പാർട്ടുമെൻറിലെ അണ്ടർസെക്രട്ടറിയുടെ പ്രാതിനിധ്യമുള്ള ഉദ്യോഗസ്ഥനും, പ്രഭു അവർകളുടെ സ്വന്തം സ്റ്റാഫും ഇരുന്നിരുന്നു. തിരുമേനിയുടെ ഇടതുഭാഗത്തു റസിഡൻറും അതിനപ്പുറത്തായി ദിവാനും തിരുമേനിയുടെ പരിവാര സംഘത്തിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥന്മാരും അവരവരുടെ സ്ഥാനക്രമത്തിന് ഇരുന്നു.

റാവുബഹദൂർ രാജനീതിനിപുണ എബ്രഹാം വർഗീസ്, ചീഫ് ജസ്റ്റിസ്.
ലഫ്ടനൻറ് കർണ്ണൽ ഡബ്ലിയു. എൽ. വാട്കിൻസ്, കമൻഡാൻറ്.
മി: ജി. പരമേശ്വരൻപിള്ള, ഫെഡറേഷൻ സ്പെഷ്യലാഫീസർ.
മി: എം. കെ. നീലകണ്ഠയ്യർ, ഗവണ്മെൻറ് ചീഫ്സെക്രട്ടറി.
ഖാൻബഹദൂർ അബ്ദുൽകരിം സാഹിബ്, പൊലീസ് ഇൻസ്പെക്ററർ ജനറൽ.
മി: ടി. രാമൻനമ്പീശൻ, സർവാധികാര്യക്കാർ.

മി: എൻ. കൃഷ്ണമൂർത്തി, മഹാരാജാവു തിരുമനസ്സിലെ പ്രൈവററ സെക്രട്ടറി.
ലഫ്റ്റനൻറ് പ്രഭാകരൻതമ്പി, തിരുമേനിയുടെ എ. ഡി. സി.

റസിഡൻറിന്റെ ഇൻഡ്യൻ അസിസ്റ്റൻറും പേഴ്സണൽ അസിസ്റ്റൻറും, റസിഡൻറിന്റെ പുറകിൽ ഇരുന്നിരുന്നു. ഒരു ചെറിയ സംഭാഷണത്തിനുശേഷം റസിഡൻറു ദിവാനെയും മററു് ഉദ്യോഗസ്ഥന്മാരെയും ബഹുമാനപ്പെട്ട പ്രഭു അവർകളുമായി പരിചയപ്പെടുത്തി. ഇൻഡ്യൻ ഉദ്യോഗസ്ഥന്മാർ ഓരോ പൊൻമോഹർ വീതം നസർ അപ്പിക്കയും അവയെ സ്പർശിച്ചിട്ടു തിരിച്ചുകൊടുക്കയും ചെയ്തു. കൂടിക്കാഴ്ചയുടെ അവസാനത്തിൽ തിരുമേനി പ്രഭു അവർകളെ ഹാരമണിയിക്കയും അത്തറും പാനും നൽകുകയും ചെയ്തു. തിരുമേനി പൊളിറ്റിക്കൽ അഡ്വൈസറേയും റസിഡൻറിനേയും ഹാരമണിയിച്ചു് അവർക്കും അത്തറും പാനും നൽകുകയുണ്ടായി. ദിവാൻ അതേ ചടങ്ങുകൾതന്നെ പ്രഭു അവർകളുടെ പരിവാരത്തിൽപെട്ട മററംഗങ്ങളുടെ കാര്യത്തിൽ നിർവഹിച്ചു. പ്രഭു അവർകളുടെ ആഗമനവേളയിലെ ചടങ്ങുകൾ പ്രഭു അവർകൾ തിരിയെപോയ അവസരത്തിലും ആവർത്തിക്കപ്പെട്ടു. ആതിഥേയമന്ദിരത്തിലേക്കു പ്രഭു അവർകൾ തിരിയെപോയപ്പോൾ സർക്കാരുദ്യോഗസ്ഥന്മാരുടെ ഡപ്യൂട്ടേഷൻ അദ്ദേഹത്തെ അനുഗമിക്കുന്ന ചടങ്ങ് അദ്ദേഹം കരുണാപുരസ്സരം വേണ്ടെന്നുവച്ചു.

കൊട്ടാരത്തിൽ നിറുത്തിയിരുന്ന ഗാർഡ് ആഫ് ആണർ, പ്രഭു അവർകൾ വന്ന അവസരത്തിലും പോയ അവസരത്തിലും അദ്ദേഹത്തിനു് പതിവുപോലെയുള്ള ആചാരം ചെയ്തു. അഭിമുഖസന്ദർശനം നടന്നപ്പോൾ സ്റ്റേററ് ഫോഴ്സസ് ബാൻഡ് വായിക്കയുണ്ടായിരുന്നു. ബഹുമാനപ്പെട്ട പ്രഭു അവർകൾ കൊട്ടാരത്തിൽ ആഗതനായപ്പോഴും അവിടെ നിന്നു പോയ അവസരത്തിലും ൩൧ ആചാരവെടിവയ്ക്കുകയുണ്ടായി.

൨൦. അടുത്തദിവസം രാവിലെ ൯-൧൫-ന ബഹുമാനപ്പെട്ട പ്രഭു അവർകൾ എസ്. പി. സി. എ. ആസ്പത്രി സന്ദർശിച്ചു. പ്രഭു അവർകളെ പടിക്കൽ വച്ചു് മിസിസ് സ്ക്രയിൻ സ്വീകരിക്കയും വൈസ് പ്രസിഡൻറ് റാവു സാഹിബ് ഉദാരശിരോമണി ടി. പത്മനാഭറാവു, ആണററി സെക്രട്ടറി ഡാക്ടർ ഡി. ജീവനായകം എസ്. പി. സി. എ. കമ്മിററിയിലെ അംഗങ്ങൾ എന്നിവരെ പരിചയപ്പെടുത്തുകയും ചെയ്തു. കമ്മിററിയിലെ അംഗങ്ങളാൽ അനുഗതനായി പ്രഭു അവർകൾ മരുന്നു കൊടുക്കുന്ന മുറിയിലേക്കു പോകയും എസ്. പി. സി. എ-യിലെ 'അനിമൽ കാളിംഗ്' കാഡുകളിൽ ഒന്നിൽ ഒപ്പു വയ്ക്കയും ചെയ്തു. മിസിസ് സ്ക്രയിൻ, കമ്മിററിയിലെ അംഗങ്ങൾ എന്നിവരാൽ അനുഗതനായി പ്രഭു അവർകൾ കാററിൽ ഷ്ലാ, ഡാഗ് കെനൽ, സെഗ്രിഗേഷൻ വാഡ്, സ്റ്റേബിൾ എന്നിവ സന്ദർശിച്ചു. അവിടെ നിന്നും തിരിച്ചു പോയപ്പോൾ പ്രഭു അവർകൾക്ക് ഒരു പൂച്ചെണ്ടു് സമ്മാനിക്കയുണ്ടായി.

൨൧. രാവിലെ ൯-൪൫-ന് പ്രഭു അവർകൾ തൈക്കാട്ട് സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രി സന്ദർശിച്ചു. പ്രധാന പ്രവേശനദ്വാരത്തിൽ വച്ചു് പ്രഭു അവർകളെ സർജൻ ജനറൽ, വൈദ്യശാസ്ത്രകുശല ഡാക്ടർ മിസിസ് എം. പുന്നൻ ലൂക്കോസ് സ്വീകരിക്കയും ആശുപത്രിയിലെ സൂപ്രണ്ട് ഡാക്ടർ മിസ് എം. ടി. മാർട്ടിനുമായി പരിചയപ്പെടുത്തുകയും ചെയ്തു. സൂപ്രണ്ട് പ്രഭു അവർകളെ ആശുപത്രിയിലെ പല വിഭാഗങ്ങളിലും കൊണ്ടുപോയി കാണിക്കയും ഓരോ വാർഡിലും ജോലിയിലിരുന്ന ആഫീസർമാരെ പരിചയപ്പെടുത്തുകയും ഒടുവിൽ ആഫീസുമുറിയിൽവച്ചു് പ്രഭു അവർകൾക്ക് പുഷ്പമാല്യങ്ങളും പൂച്ചെണ്ടുകളും സമ്മാനിക്കയും ചെയ്തു.

൨൨. രാവിലെ ൧൦-൩൦-ന് പ്രഭു അവർകൾ വൈ. ഡബ്ളിയു. സി. എ. സന്ദർശിക്കയുണ്ടായി. ആഗമനാവസരത്തിൽ പ്രഭു അവർകളെ, സംഘാദ്ധ്യക്ഷയായ വൈദ്യശാസ്ത്രകുശല ഡാക്ടർ മിസിസ് എം. പുന്നൻലൂക്കോസ് സ്വീകരിക്കയും സംഘ

ത്തിന്റെ സെക്രട്ടറിമാരുമായി പരിചയപ്പെടുത്തുകയുംചെയ്തു. പിന്നീട് പ്രഭ്വി അവർകളെ ഹാളിലേക്ക കൂട്ടിച്ചുകൊണ്ടുപോകയും കമ്മിററിയിലെ അംഗങ്ങളുമായി പരിചയപ്പെടുത്തുകയും ചെയ്തു. മിസിസ് ബ്രൂക്കൊസിന്റെ സ്വാഗതപ്രസംഗത്തിനു ശേഷം പ്രഭ്വി അവർകളെ ഹാരമണിയിച്ചു. പ്രഭ്വി അവർകൾ മറുപടിയായി അല്പം സംസാരിക്കയും ബ്രിട്ടീഷ് ദേശീയഗാനത്തോടുകൂടെ സന്ദർശനം സമാപിക്കയും ചെയ്തു.

൨൩. അതിനുശേഷം കാലത്ത് ൧൦-൪൫-ന് പ്രഭ്വി അവർകൾ ശാസ്തമംഗലത്തുള്ള ഹിന്ദുവനിതാസംഘവും ശിശുപരിപാലനകേന്ദ്രവും സന്ദർശിച്ചു. സംഘാദ്ധ്യക്ഷയായ മിസിസ് എൻ. കുഞ്ഞൻപിള്ള പ്രഭ്വി അവർകളെ സ്വീകരിക്കയും സ്ഥാപനത്തിന്റെ പ്രവൃത്തനം കാണിച്ചുകൊടുക്കുകയും ചെയ്തു. പ്രഭ്വി അവർകളുടെ സന്ദർശനത്തിന്റെ ബഹുമാനസൂചകമായി കുട്ടികൾക്ക മധുരദ്രവ്യങ്ങൾ വിതരണം ചെയ്യുന്നതു കണ്ടതിനു ശേഷം പ്രഭ്വി അവർകൾ സ്ഥാപനത്തിൽനിന്നും തിരിച്ചുപോയി.

൨൪. സീനിയർ മഹാറാണി തിരുമനസ്സുകൊണ്ടും മഹാറാണി സേതു പാർവ്വതിബായി തിരുമനസ്സുകൊണ്ടും അന്നേദിവസം യഥാക്രമം ൧൧-൪൫-നും ൧൨-നും പ്രഭു അവർകളേയും പ്രഭ്വി അവർകളേയും അനൗപചാരികനിലയിൽ സന്ദർശിച്ചു. കാറിൽനിന്നിറങ്ങിയ അവസരത്തിൽ തിരുമേനിമാരെ ഒരു എ. ഡി. സി. സ്വീകരിക്കയുണ്ടായി. പ്രഭു അവർകളുടെ മിലിറെറി സെക്രട്ടറി പടികളുടെ മുകളിൽ കാത്തുനിന്ന് തിരുമേനിമാരെ സ്വീകരണമുറിയിലേക്ക് കൊണ്ടുപോകയും അവിടെ പ്രഭു അവർകളും പ്രഭ്വി അവർകളും ലേഡി ഹോപ്പുകളിൽ ഒണ്ടുപോരും അവരെ സ്വീകരിക്കയുംചെയ്തു.

൨൫. ഉച്ച തിരിഞ്ഞ് ൨.൩൦-ന് മഹാരാജാവു തിരുമനസ്സുകൊണ്ട് പ്രഭു അവർകളെ സ്വകാര്യനിലയിൽ സന്ദർശിക്കയും ൩ മണിക്ക് ദിവാനും പ്രഭു അവർകളുമായി ഒരു അഭിമുഖസന്ദർശനം നടക്കുകയും ചെയ്തു.

൨൬. പകൽ ൪-൩൦-ന് പ്രഭു അവർകൾ, പേരൂർക്കടയുള്ള ക്ഷീരവ്യവസായശാല സന്ദർശിക്കയുണ്ടായി. തോട്ടത്തിനുള്ളിലുള്ള പന്തലിൽ വച്ച് പ്രഭു അവർകളെ ദിവാൻ സ്വീകരിച്ചു. കൊട്ടാരം സർവ്വാധികാര്യക്കാരും രാജകീയലായം കാര്യക്കാരും സന്നിഹിതരായിരുന്നു. പ്രഭു അവർകളെ ആദ്യമായി കറവയില്ലാത്ത പശുക്കളുടെ ഷെഡ്ഡിലേക്ക കൂട്ടിക്കൊണ്ടുപോകയും പിന്നീട പടികൾ ഇറങ്ങി പശുക്കൾ പ്രസവിക്കുന്ന ഷെഡ്ഡും ഫൗണ്ടനും കടന്ന് കറവപ്പശുക്കളുടെ ഷെഡ്ഡിലേക്ക പോകയും പിന്നീട് കാളകളും പശുക്കുട്ടികളും കിടക്കുന്ന ഷെഡ്ഡുകളിലേക്കും തിരിയെ പാൽമുറിയിലേക്കും കറവപ്പശുക്കളുടെ ഷെഡ്ഡുകളിലേക്കും പോകയും ഫൗണ്ടൻ കടന്ന് വീണ്ടും പന്തലിൽ കൂടി ക്ഷീരവ്യവസായമുറിയിലേക്ക പോകയും അവിടെ നിന്ന് പ്രഭു അവർകളെ, പാത്രങ്ങൾ ശുദ്ധീകരിക്കുന്ന മുറിയിലേക്ക കൂട്ടിക്കൊണ്ടുപോകയും ചെയ്തു. ആ മുറിയിൽ നിന്നു പോകുന്ന പാതയുടെ അവസാനത്തിൽ കാർ നിറുത്തിയിരുന്നു. പിന്നീട് പ്രഭു അവർകളെ ഹാരമണിയിക്കയും അദ്ദേഹം സ്ഥാപനത്തിൽ നിന്നു തിരിച്ചു പോകയുംചെയ്തു.

൨൭. അതിനുശേഷം പ്രഭു അവർകൾ മഹാരാജാവു തിരുമേനിയുമായി ടെന്നിസ് കളിക്കുന്നതിന് കവടിയാർ കൊട്ടാരത്തിലേക്ക തിരിച്ചു.

൨൮. പകൽ ൪-൧൫-ന് പ്രഭ്വി അവർകൾ സെതൽമണ്ഡ് കൊട്ടാരത്തിൽ വച്ച് സീനിയർ മഹാറാണി തിരുമേനിയെ പ്രതി സന്ദർശിച്ചു. ഹോപ് പ്രഭ്വികളിൽ ഒരാൾ പ്രഭ്വി അവർകളെ അനുഗമിച്ചിരുന്നു. ശ്രീപാദം മാനേജർ അവരെ കൊട്ടാരത്തിന്റെ പൂമുഖത്തിൽ വച്ചു സ്വീകരിച്ച് സ്വീകരണമുറിയിലേക്ക കൂട്ടിക്കൊണ്ടുപോകയും അവിടെ തിരുമനസ്സുകൊണ്ട് അവരെ സ്വീകരിക്കയും ചെയ്തു. പകൽ ൪-൪൫-ന് പ്രഭ്വി അവർകൾ കവടിയാർ കൊട്ടാരത്തിൽ വച്ച് മഹാറാണി സേതു പാർവ്വതിബായി തിരുമേനിയെ പ്രതി സന്ദർശിച്ചു. ഹോപ് പ്രഭ്വികളിൽ ഒരാൾ പ്രഭ്വി അവർകളെ കവ

ടിയാർ കൊട്ടാരത്തിലേക്കും അനുഗമിച്ചിരുന്നു. അവരെ കൊട്ടാരത്തിൽ വച്ചു മഹാരാജാവു തിരുമനസ്സിലെ ഒരു എ. ഡി. സി. സ്വീകരിച്ചു് സ്വീകരണമുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി.

൨൯. പ്രഭ്വി അവർകൾ അതിഥിമന്ദിരത്തിൽ തിരിച്ചെത്തിയതിനു ശേഷം അവിടെ പ്രത്യേകമായി പ്രദർശിപ്പിച്ചിരുന്ന ലേസുകളും തിരുവിതാംകൂറിലെ മററു കുടിൽവ്യവസായങ്ങളും പരിശോധിച്ചു.

൩൦. വൈകിട്ടു് ൪-൩൦-ന് ലേഡി ഡൊറീൻ ഹോപ്, തിരുവനന്തപുരം വിമൻസ് ക്ലബ്ബിൽ ഒരു ടെന്നിസ് കോർട്ടു തുറക്കുകയുണ്ടായി. ഒന്നാംമുറ കൊച്ചുതമ്പുരാട്ടി തിരുമനസ്സിനാൽ അനുഗതയായി പ്രഭ്വി ക്ലബ്ബിൽ എഴുന്നള്ളുകയും പ്രസിഡൻറ് മിസിസ്. സ്ക്രയിനും കമ്മിററിയിലെ അംഗങ്ങളും അവരെ സ്വീകരിച്ചു് ഹാരമണിയിക്കയുംചെയ്തു. നാദസ്വരം വായിച്ചുകൊണ്ടിരുന്നു. പ്രസിഡൻറ് കമ്മിററിയിലെ അംഗങ്ങളെ പ്രഭ്വിയുമായി പരിചയപ്പെടുത്തി. സ്വാഗതഗാനം, വെള്ളിത്താക്കോൽകൊണ്ടു് കെട്ടിടം തുറക്കുക, ടെന്നിസ്, സംഗീതം, തിരുവാതിരകളി, വഞ്ചീശമംഗളം, പുഷ്പം നാരങ്ങ ആദിയായവ വിതരണം ചെയ്യുക, ഇവയായിരുന്നു കാര്യപരിപാടി. വന്ന അവസരത്തിലും പോയ അവസരത്തിലും നാദസ്വരവായനയുണ്ടായിരുന്നു.

൩൧. രാത്രി ൭-൩൦-ന് കനകക്കുന്നു കൊട്ടാരത്തിൽവച്ചു് മഹാരാജാവു തിരുമനസ്സുകൊണ്ടു് പ്രഭു അവർകൾക്കും പ്രഭ്വി അവർകൾക്കും ഒരു രാജകീയ വിരുന്നു നല്കി സൽക്കരിച്ചു. സംസ്ഥാനാതിഥിമന്ദിരം മുതൽ കനകക്കുന്നു കൊട്ടാരം വരെയുള്ള വഴിയും കാഴ്ചബംഗ്ലാവും ദീപാവലികളാൽ മനോഹരമായി പ്രശോഭിപ്പിച്ചിരുന്നു. ഭക്ഷണമുറിയിലെ മേശഅലങ്കാരങ്ങൾ കമനീയമാക്കിയിരുന്നു. മുററവും മനോമോഹനമായ വൈദ്യുതദീപസംഹതികളാൽ ജാജ്ജ്വല്യമാനമായിരുന്നു. ൭-൪൫-ന് സ്വീകരണമുറിയിൽ അതിഥികൾ സ്വസ്ഥാനത്തിൽ ഉപവിഷ്ടരായി. ൭-൫൦-ന് മഹാരാജാവു തിരുമനസ്സുകൊണ്ടു് മഹാറാണിസേതു പാർവതീബായി തിരുമേനിയാലും ഒന്നാംമുറകൊച്ചുതമ്പുരാട്ടിയാലും അനുഗതനായി എഴുന്നള്ളി. ബാൻഡ്, 'ഗാഡ് സേവ് ഔവർ മഹാരാജ' എന്ന ഗാനം വായിച്ചു. അതിനുശേഷം അതിഥികളെ മഹാരാജാവുതിരുമനസ്സിലേക്കു ദിവാനും മഹാറാണി തിരുമനസ്സിലേക്കു കർണൽ വാട്കിൻസും പരിചയപ്പെടുത്തി. ൭-൫൦-ന് റസിഡൻറും ൭-൫൫-ന് വൈസ്രോയി അവർകളുടെ അനുയായികളും എത്തിച്ചേർന്നു. വൈസ്രോയി അവർകളുടെ അനുയായികളെ മഹാരാജാവു തിരുമനസ്സിലേക്കു റസിഡൻറു പരിചയപ്പെടുത്തി. ബഹുമാനപ്പെട്ട പ്രഭു അവർകളും പ്രഭ്വിഅവർകളും ഒരു എ. ഡി. സിയോടുകൂടി ൭-൩൦-ന് ആഗതരായി. പ്രഭു അവർകളുടെ വേറൊരു എ. ഡി. സിയും പ്രൈവററു സെക്രട്ടറിയും മിലിററി സെക്രട്ടറിയും കൂടി കോണിപ്പടിയുടെ താഴെവച്ചു് അവരെ സ്വീകരിക്കയും ചെയ്തു. രണ്ടു എ. ഡി. സിമാർ സോപാനത്തിനു മുകളിൽ അവരെ ആനയിക്കുകയും, പ്രൈവററു സെക്രട്ടറിയും മിലിട്ടറി സെക്രട്ടറിയും അവരെ അനുഗമിക്കുകയും ചെയ്തു. ആ രണ്ടു എ. ഡി. സിമാർ മുറിയിലേക്കു കടക്കുകയും ബഹുമാനപ്പെട്ട പ്രഭുഅവർകളും പ്രഭ്വി അവർകളും വാതിൽ കടന്നപ്പോൾ ഒരു എ. ഡി. സി. അവർ ആഗതരായ വിവരം അറിയിക്കയും ചെയ്തു. ബാൻഡ്, ബ്രിട്ടീഷ് ദേശീയഗാനം ആദ്യത്തെ ആറു പാദം വായിച്ചു. അതിനു ശേഷം ബഹുമാനപ്പെട്ട പ്രഭു അവർകളേയും പ്രഭ്വി അവർകളേയും സ്വാഗതം ചെയ്യുന്നതിനായി മഹാരാജാവു തിരുമനസ്സുകൊണ്ടു വാതിൽക്കൽ എഴുന്നള്ളി. അതിഥികളെ ബഹുമാനപ്പെട്ട പ്രഭു അവർകൾക്കു റസിഡൻറും പ്രഭ്വി അവർകൾക്കു ദിവാനും പരിചയപ്പെടുത്തി. അനന്തരം, ബഹുമാനപ്പെട്ട പ്രഭു അവർകളും മഹാറാണി സേതു പാർവതിബായി തിരുമനസ്സുകൊണ്ടും അവരെ തുടർന്നു് മഹാരാജാവുതിരുമനസ്സുകൊണ്ടും ബഹുമാനപ്പെട്ട പ്രഭ്വി അവർകളും മററു് അതിഥികളും താഴെപ്പറയുന്ന മുറയ്ക്കും ഭക്ഷണമുറിയിലേക്കു പോയി:—

ബഹുമാനപ്പെട്ട വൈസ്രായി അവർകൾ

മഹാരാജാവു തിരുമനസ്സുകൊണ്ട്

റെസിഡൻറ്

സർ ബർട്രാൻഡ് ഗ്ലാൻസി

ക്യാപ്റ്റൻ ഗോദവർമ്മ രാജാ

ദിവാൻ

മി: ജെ. ജി. ലെയിത്ത്‌വെയിററ്

മി: മൂർഹെഡ്

ലെഫ്റ്റനൻറ് കർണൽ സി. ജി. ട്ടൂ ഗുഡ്

മി: വി. എസ്. സുബ്രഹ്മണ്യയ്യർ

ലെഫ്റ്റനൻറ് കർണൽ എച്ച്. എച്ച്. എലിയട്ട്

മി: ഏബ്രഹാം വർഗീസ്

റൈററ് റവറണ്ട് ഡാക്ടർ കോർഫീൽഡ്

റൈററ് റവറണ്ട് ഫാദർ ഡറീറെ

ലെഫ്റ്റനൻറ് കർണൽ എച്ച്. എൽ. വാട്ക്കിൻസ്

ഡാക്ടർ. ജി. ഡി. നോക്സ്

മി: എം. കെ. നീലകണ്ഠയ്യർ

മി: സി. വി. ചന്ദ്രശേഖരൻ

മി: ജി. ബി. ഇ. ടസ്കാട്ട്

മി: അബ്ദുൾകരിം സാഹിബ്

മി: പി. ജി. നാഷ്

മി: കാമേശം

മഹാറാണി സേതുപാർവതിഭായിതിരുമനസ്സുകൊണ്ട്

ബഹുമാനപ്പെട്ട ലിൻലിത്ഗോ പ്രഭ്വി അവർകൾ

ലേഡി ജോവൻഹോപ്

ലേഡി ഡൊറീൻ ഹോപ്

ലേഡി ആൻഹോപ്

ലക്ഷ്മീഭായി ആററിങ്ങൽ കൊച്ചുതമ്പുരാൻ

മിസിസ് സ്ക്രയിൻ

മിസിസ് വാട്കിൻസ്

മിസ് വാട്സ്

മിസിസ് ബ്രൂക്കാസ്

മിസിസ് കോർഫീൽഡ്

മിസിസ് കാമേശം

മിസിസ് ഹേഡൻ

മിസിസ് ഫ്രാൻസിസ്

മിസിസ് ഹെൻഡേഴ്സൺ

മിസിസ് പൊന്നപ്പാ

മിസിസ് യൂർ

മിസിസ് കസിൻസ്

മിസിസ് നോബിൾ

മിസിസ് പീയേഴ്സ്

മിസിസ് വിഷാർട്ട്

മിസിസ് ട്യൂഡർ

മി: റബിൻസൺ

മി: ഹേഡൻ

മി: ഫ്രാൻസിസ്

മി: ഹെൻഡേഴ്സൺ

മേജർ സി. ബി. പൊന്നപ്പാ

മേജർ ജെ. ആർ. എച്ച്. കാമാ

മി: എസ്സ്. എൻ. യൂർ

ഡാക്ടർ ജെ. എച്ച്. കസിൻസ

ഡാക്ടർ നോബിൾ

ലെഫ്റ്റനൻറ് പി. എച്ച് ജെ. സൗത്ത്ബി

ക്യാപ്റ്റൻ ആർ. എച്ച്. ഗ്രച്ച്

ക്യാപ്റ്റൻ ഡബ്ല്യു. ഏ. ജി. ബേൺസ്

ക്യാപ്റ്റൻ എം. ജി. കെർ

മി: വിശ്വനാഥമേനോൻ

മി: ജെ. ജി. സ്റ്റീവർഡ്

മി: പി. ഇ. റാലൻഡ്സൺ

മി: ജെ. ആർ. പിയേഴ്സ

മി: വിഷാർട്ട്

മി: എൻ. കൃഷ്ണമൂർത്തി

മി: സി. ആർ. പട്ടാഭിരാമൻ

മി: ഐവോർ ജെഫ്

മഹാരാജാവു തിരുമനസ്സിലെ എ. ഡി. സി.

ന. വ. മഹാരാജാവു തിരുമനസ്സുകൊണ്ട് ചക്രവർത്തി തിരുമനസ്സിലെ ആരോഗ്യം ആശംസിച്ചുകൊണ്ടുള്ള ആശംസാപ്രസംഗം ചെയ്തു. ബാൻഡ്, 'ഗോഡ് സേവ് ദി കിങ്' എന്ന ഗാനം മുഴുവൻ വായിക്കയും ആശംസാപ്രസംഗം പതിവുപോലെ ആദരിക്കപ്പെടുകയും ചെയ്തു. കാഫിയും പുകവലിക്കുള്ള സാധനങ്ങളും നൽകുകയുണ്ടായി.

അല്പനേരം കഴിഞ്ഞു, ബഹുമാനപ്പെട്ട വൈസ്രോയി അവർകളും ലിൻലിത്ഗോ പ്രഭ്വി അവർകളും ക്ഷേമം ആശംസിച്ചു മഹാരാജാവു തിരുമനസ്സുകൊണ്ടു താഴെ കാണുന്നപ്രകാരം അരുളിച്ചെയ്തു:—

"ബഹുമാനപ്പെട്ട പ്രഭു അവർകളേ, പ്രഭ്വി അവർകളേ, മഹതികളേ, മഹാന്മാരേ,

അവിടത്തേയും പ്രഭ്വി അവർകളേയും കുടുംബാംഗങ്ങളേയും എന്റെ സംസ്ഥാനത്തിലേക്കു സ്വാഗതം ചെയ്വാൻ എനിക്കു അത്യധികമായ സന്തോഷമുണ്ട്. ചക്രവർത്തിതിരുമനസ്സിലെ പ്രതിനിധിയുടെ തിരുവിതാംകൂർ സന്ദർശനം ആ തിരുമനസ്സും അവിടത്തെ പൂർവികരും എന്റെ സംസ്ഥാനത്തിലെ ഇടയെയുള്ള നാടുവാഴികളും തമ്മിൽ ഒരു നൂറ്റാണ്ടിലധികമായി നിലനിന്നുപോരുന്ന ദൃഢമായ സ്നേഹബന്ധത്തിന്റെ ഒരു അടയാളവും പ്രകടനവുമായി ഞാൻ കരുതുന്നു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. അധീശാധികാരത്തോടു അവർക്കു പരമ്പരയായുള്ള ഭക്തിസ്നേഹങ്ങൾ ഒന്നിലധികം തവണ പരസ്യമായി സമ്മതിക്കപ്പെട്ടിട്ടുള്ളവയാണു. അവിടുന്നു ഇൻഡ്യയിൽ വന്നു വളരെ നാൾ കഴിയുന്നതിനുമുൻപു അവിടത്തേയും പ്രഭ്വി അവർകളേയും പരിചയപ്പെടാൻ എനിക്കു ഭാഗ്യമുണ്ടായി. അവിടത്തെ വൈസ്റായി ഉദ്യോഗകാലത്തിന്റെ ആരംഭത്തിൽതന്നെ, പലവിധേനയും പ്രത്യേകതയുള്ള ഒരു ചരിത്രവും പ്രശ്നങ്ങളും ചേർന്ന ഈ ഉപദ്വീപഖണ്ഡത്തിലെ തെക്കേഅറ്റത്തെ സംസ്ഥാനം അവിടുന്നു സന്ദർശിക്കാൻ ഇടയായതു ഞങ്ങളുടെ ഭാഗ്യമാണ്. കൃഷിപരമായ രാജകീയ കമ്മീഷൻ സംബന്ധിച്ചുള്ള അവിടത്തെ സന്ദർശനത്തിനിടയിൽ അവിടുന്നു സമ്പാദിച്ച പലവിധ അറിവുകളെ ഇൻഡ്യൻ ജീവിതത്തിന്റെ അടിസ്ഥാനങ്ങളായ ഗ്രാമങ്ങളുടേയും ഗ്രാമീണരുടേയും കഷ്ടതകൾ കുറയ്ക്കുന്നതിനും അവരുടെ സ്ഥിതി പൊതുവേ നന്നാക്കുന്നതിനുമായി വിനിയോഗിച്ചു വരുന്നതിനാൽ ഇൻഡ്യ അവിടത്തോടു ഏറ്റവും കടപ്പെട്ടിരിക്കുന്നു.

ചക്രവർത്തി തിരുമനസ്സിലെ പ്രതിനിധി എന്റെ സംസ്ഥാനം ഉദ്യോഗനിലയിൽ സന്ദർശിക്കുന്ന ഈ അവസരത്തിൽ ഞാൻ സംസാരിക്കുമ്പോൾ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ നിർവഹിച്ചിട്ടുള്ള പ്രധാന ജോലികളെപ്പററി പ്രസ്താവിക്കുന്നതു ക്ഷമിക്കണമെന്നു അപേക്ഷ. ഈ സംസ്ഥാനത്തിൽ ആദ്യമായി നിയമനിർമ്മാണസഭ സ്ഥാപിച്ചതു ൧൮൮൮-ൽ ആയിരുന്നു. സംസ്ഥാനത്തിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള ഈ ശാഖയിൽ ജനങ്ങളെക്കൂടിചേർത്തു നടത്തിത്തുടങ്ങിയിട്ടു ഇപ്പോൾ ൫൦ വർഷം കഴിഞ്ഞിരിക്കുന്നു. ൧൯൩൨-ൽ ഒരു ദ്വിമണ്ഡലനിയമസഭ ഏർപ്പെടുത്തി. പ്രസംഗസ്വാതന്ത്ര്യത്തോടുകൂടിയ അതിലെ രണ്ടു മണ്ഡലങ്ങളിലും ഭൂരിപക്ഷം അനൗദ്യോഗസ്ഥരാണ്. ഈ നിയമസമിതി നിയമങ്ങൾ നിർമ്മിക്കുന്നതിനുള്ള അധികാരങ്ങൾ നടത്തുന്നതുകൂടാതെ സംസ്ഥാനത്തിന്റെ ആണ്ടോടാണ്ടുള്ള ബഡ്ജററിന്മേൽ വർഷം തോറും

മുള്ള വരവുചെലവുകളുടെ അടങ്കൽ, ഫലപ്രദമായ ധനകാര്യനിയന്ത്രണവും നടത്തുന്നുണ്ട്. ഈ ബഡ്ജററാകട്ടെ നിയമസഭ തിരഞ്ഞെടുക്കുന്നതും അനൌദ്യോഗസ്ഥന്മാർ പക്ഷക്കാരുള്ളതുമായ ധനകാര്യകമ്മിററിയുമായി ആലോചിച്ചാണ് തയാറാക്കുന്നത്.

മേൽ വിവരിച്ചപ്രകാരം ഉണ്ടാക്കുന്ന ബഡ്ജററിനെ ധനാഭ്യർത്ഥനാരൂപത്തിൽ രണ്ടു നിയമസഭാമണ്ഡലങ്ങളിലും അവതരിപ്പിക്കുകയും സഭകളുടെ സമ്മതി ലഭിച്ചതിനു ശേഷം മാത്രം അതനുസരിച്ച് അടുത്ത സാമ്പത്തികവർഷത്തിൽ ചെലവു നടത്തുകയും ചെയ്യുന്നു. ആണ്ടവസാനത്തിനിടയ്ക്ക് ആവശ്യമായിവരുന്ന അധികച്ചെലവുകൾ, കൂടുതൽ ധനാഭ്യർത്ഥനാരൂപത്തിൽ നിയമസഭ അനുവദിക്കേണ്ടിയിരിക്കുന്നു.

ചോദ്യങ്ങൾ ചോദിക്കുന്നതു സംബന്ധിച്ചും പ്രമേയങ്ങൾ സംബന്ധിച്ചും നിയമസഭ വിപുലമായ അധികാരങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനത്തിലെ ആണ്ടുതോറുമുള്ള കണക്കുനോക്കലും പണം വിനിയോഗിക്കലും സംബന്ധിച്ച കാര്യങ്ങളെ ഒരു പബ്ലിക്ക് അക്കൗണ്ട്സ് കമ്മിററി പരിശോധിച്ചുവരുന്നു. ജായിൻറ് സ്റ്റോക്ക് കമ്പനികൾ, ഇൻഷ്വറൻസ്, ഋണവിമോചനം, ബാർകൗൺസിൽ സംഘടന മുതലായവ സംബന്ധിച്ച് ഏററവും പുതിയ രീതിക്ക് യോജിച്ച നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വിവാഹം, സ്ത്രീകളുടെ അവകാശങ്ങൾ എന്നിവ സാമുദായികനിയമനിർമ്മാണങ്ങളിൽ ശ്രദ്ധേയങ്ങളായവയാണ്. കൂടാതെ തൊഴിലാളികളുടെ താൽപര്യങ്ങളെ പുലർത്താൻ ഉദ്ദേശിച്ചിട്ടുള്ള വ്യാപാരവിവാദനിയമം, തൊഴിൽശാലാനിയമം ഉൾപ്പെടെയുള്ള തൊഴിൽപരമായ നിയമങ്ങളും നിർമ്മിച്ചിട്ടുണ്ട്.

വേണ്ടപോലെ പ്രാതിനിധ്യമുള്ള ഒരു കമ്മിററി സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കയും ഗാഢമായി പര്യാലോചിക്കയും ചെയ്തശേഷം ക്ഷേത്രങ്ങളിലെ പൂജാദികർമ്മങ്ങളുടെ വഴിയാംവണ്ണമുള്ള നടത്തിപ്പിനും അവയിലെ പ്രത്യേക അന്തരീക്ഷത്തിന്റെ നിലനിൽപ്പിനും വിഘ്നംകൂടാതെ, ഹിന്ദുക്കളിൽ സകല വർഗ്ഗക്കാർക്കും നമ്മുടെ ക്ഷേത്രങ്ങളിൽ പ്രവേശിച്ച് ദർശനം നടത്തുന്നതിനുള്ള അവകാശം നൽകേണ്ടതാണെന്ന് ഞാൻ നിശ്ചയിച്ചു. അതനുസരിച്ച് ക്ഷേത്രപ്രവേശനവിളംബരം പുറപ്പെടുവിക്കുകയും അതിപ്പോൾ രണ്ടുവർഷത്തിലധികം കാലമായി നടപ്പിലിരിക്കുകയും ചെയ്യുന്നു.

സർക്കാർ ജീവനങ്ങൾക്ക് ശരിയായതരത്തിലുള്ള ആളുകളെ കിട്ടത്തക്കവണ്ണം പബ്ലിക്ക് സർവീസിലെ ഒടുവിലത്തേയും ഇടയ്ക്കുമുള്ള പടികളിലേക്ക് ആളുകളെ തിരഞ്ഞെടുക്കാനുള്ള പ്രധാന പ്രവർത്തകനായി ഒരു പബ്ലിക്ക് സർവീസ് കമ്മീഷണരെ നിയമിച്ചിട്ടുണ്ട്. സർവീസിലെ ഉയർന്ന പടിയിലേക്ക് ആളെടുക്കുന്നതിന് ഒരു സിവിൽ സർവീസ് പരീക്ഷയും ഏർപ്പെടുത്തിയിരിക്കുന്നു.

ഇൻഡ്യൻ സ്റ്റേറ്റ് ഫോഴ്സസ് പദ്ധതിയിൽ തിരുവിതാംകൂർ ചേരുകയും അതിന്റെ ഫലമായി നായർപട്ടാളവും മഹാരാജാവിന്റെ അംഗരക്ഷകസൈന്യവും തിരുവിതാംകൂർ സംസ്ഥാനസൈന്യത്തിൽ ലയിക്കുകയും ചെയ്തിരിക്കുന്നു. പട്ടാളത്തിലേക്ക് മുൻപ് നായർ സമുദായത്തിൽ നിന്നു മാത്രം ആൾ ചേർത്തുകൊണ്ടിരുന്ന ഏർപ്പാടിനെ ഭേദപ്പെടുത്തി മററു സമുദായങ്ങളിൽനിന്നും കൂടി ആളെടുക്കത്തക്കവണ്ണം അതിനെ പരിഷ്ക്കരിച്ചു.

പിന്നാക്കസമുദായങ്ങളുടെ രക്ഷ, അവരുടെ ഉന്നമനവും വിദ്യാഭ്യാസവും സംബന്ധിച്ച് അവർക്ക് നൽകേണ്ട സഹായം എന്നിവ എന്റെ ഗാഢമായ ശ്രദ്ധയ്ക്ക് വിഷയീഭവിച്ചു. പിന്നാക്കസമുദായങ്ങൾക്കു പതിച്ചുകൊടുക്കാൻ കൊള്ളാവുന്ന ഭൂമികൾ തിരഞ്ഞെടുക്കുക, കുടിയേറിപ്പാർപ്പുസ്ഥലങ്ങൾ ഏർപ്പെടുത്തുക, കിണറുകൾ ഉണ്ടാക്കുക, പാർപ്പിടങ്ങളിലും മററും ചെന്നെത്താൻ റോഡുകൾ വെട്ടുക, ശ്മശാനസ്ഥലങ്ങൾ ഉണ്ടാക്കിക്കൊടുക്കുക, മിതവ്യയസംഘങ്ങളും കുടിൽവ്യവസായങ്ങളും ഏർപ്പെടുത്തുക മുതലായ കാര്യങ്ങൾ നിർവഹിക്കുന്നതിന് പ്രത്യേകമായി ഒരു പിന്നാക്കസമുദായസംരക്ഷകനെ

നിയമിച്ചു ജോലി നടത്തിവരികയും ഈ ഇനങ്ങൾക്കായി രണ്ടു ലക്ഷത്തിൽപരം രൂപ ചെലവാക്കുകയും ചെയ്യുന്നു. പല സ്കൂളുകളിലും കാളേജുകളിലുമായി ൭൭,൦൦൦ വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം നൽകുന്നുണ്ട്. കൂടാതെ സൗജന്യമായി ഒരു ബോർഡിംഗ് ഹോം തിരുവനന്തപുരത്തുള്ളതു് ഇപ്പോൾ ഗവൺമെൻറു ഏറെറടുത്തിരിക്കയാണ്. അശരണരും ശരീരശക്തി ഇല്ലാത്തവരും ആയ ആളുകൾക്കായി ഒരു സംരക്ഷണാലയം തിരുവനന്തപുരത്ത് സ്ഥാപിച്ചിട്ടുണ്ട്. അതുപോലെയുള്ള സ്ഥാപനങ്ങൾ രാജധാനിക്കുപുറത്തും ഏർപ്പെടുത്തുന്നതിനു ഉദ്ദേശിച്ചിരിക്കുന്നു. കർഷക ഋണവിമോചന ആക്ററു പാസ്സാക്കിയും രഞ്ജകസമിതികൾ ഏർപ്പെടുത്തിയും കർഷകന്റെ ഋണഭാരം കുറയ്ക്കാനുള്ള നടപടികൾ നടത്തിവരുന്നുണ്ട്.

ഈ സംസ്ഥാനമാകട്ടെ അതിന്റെ ഐശ്വര്യാഭിവൃദ്ധിക്ക് പ്രധാനമായി കൊപ്രാ, കയർ, ചകിരി, എന്നിങ്ങനെ തെങ്ങിൽനിന്നും കിട്ടുന്ന സാധനങ്ങളേയും, വില വളരെ ഇടിഞ്ഞുപോയിരിക്കുന്ന കുരുമുളക്, ഇഞ്ചി, റബ്ബർ എന്നിവയേയും ആശ്രയിച്ചിരിക്കുന്നു. ഇതുകാരണം കാർഷികോല്പന്നങ്ങളുടെ വിലക്കുറവും സാമ്പത്തികാധഃപതനവും ഇൻഡ്യയുടെ മറേറതു ഭാഗത്തേക്കാളും കൂടുതലായി തിരുവിതാംകൂറിനെ ബാധിച്ചിട്ടുണ്ട്. ഇതിനു പരിഹാരമാർഗ്ഗമായി ഒരു ക്രഡിററു ബാങ്ക് സ്ഥാപിക്കുക എന്നതു് ആവശ്യമായിത്തീർന്നു. കൃഷിയുടേയും പുതുതായി വളർന്നുവരുന്ന വ്യവസായങ്ങളുടേയും നന്മയ്ക്കായി എന്റെ ഗവൺമെൻറിന്റെ സഹകരണത്തോടുകൂടി, ഋണഭാരത്തിനു ആശ്വാസമുണ്ടാക്കാനുള്ള ഒരു ധനവിതരണസ്ഥാപനമെന്ന നിലയിൽ ഒരു ക്രഡിററു ബാങ്ക് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൃഷിചെയ്തുണ്ടാക്കുന്നതിന്റെയും കയററുമതിയുടേയും അളവുകൾ ക്ലിപ്തപ്പെടുത്തുക എന്ന ഏർപ്പാടുമൂലം റബ്ബർ തേയില ഈ വ്യവസായങ്ങൾക്കുണ്ടായിരുന്ന വൈഷമ്യങ്ങൾ ക്രമേണ നീങ്ങിത്തുടങ്ങിയിരിക്കുന്നു. നാളികേരോത്പന്നങ്ങളുടേയും കയറിന്റെയും കാര്യത്തിലുള്ള ദുരവസ്ഥ നീക്കുന്നതിന് ഞങ്ങൾ ഇൻഡ്യാഗവൺമെൻറിന്റെ സഹായം പ്രതീക്ഷിക്കുകയാണ്.

ആണ്ടോടാണ്ടു് നികുതിയിൽ സാരമായ ഇളവ് ആവശ്യമാകത്തക്കവണ്ണം കർഷകരുടെ ദുരിതാവസ്ഥ അത്ര കഠിനമായിരുന്നു. എന്റെ സംസ്ഥാനത്തിൽ ജന്മിയും കുടിയാനും തമ്മിലുള്ള ബന്ധങ്ങളെ നിർണ്ണയിക്കുന്ന ജന്മികുടിയാൻ ആക്റിന്റെ പ്രവർത്തനംമൂലം കുടിയാന്മാർക്കു വസ്തു നടപ്പിൽ സ്ഥിരതയും അവകാശങ്ങൾക്ക് ഉറപ്പും ഉണ്ടായിട്ടുണ്ട്.

വെള്ളച്ചാട്ടത്തിൽനിന്ന് വിദ്യുച്ഛക്തിയുണ്ടാക്കി പരിപോഷിപ്പിക്കുന്നതിനായുള്ള പദ്ധതി പൂർത്തിയാകാറായിരിക്കുന്നു. ഇതു സംസ്ഥാനത്തിന്റെ ഏറിയ ഭാഗത്തിനും കുറഞ്ഞ ചിലവിൽ വിദ്യുച്ഛക്തി വിതരണം സാദ്ധ്യമാക്കുമെന്നു വിചാരിക്കുന്നു. ഈ പദ്ധതിയുടെ പ്രവർത്തനം നടപ്പാക്കുന്നതോടുകൂടി വൻതരം വ്യവസായങ്ങൾക്കുമാത്രമല്ല, സംസ്ഥാനത്തിന്റെ ഭാവി ഐശ്വര്യം ഏറിയകൂറും ആശ്രയിച്ചിരിക്കുന്നു എന്നു ഞാൻ കരുതുന്ന കുടിൽവ്യവസായങ്ങളുടെ അഭിവൃദ്ധിക്കും ഒരു പുതിയ ഉണർവ് ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

ധാതുദ്രവ്യങ്ങളടങ്ങിയ മണലുകൾ ഒട്ടേറെയുള്ളതു കൂടാതെ ധാരാളം ചീനക്കളിമൺപാളികളും ഈ സംസ്ഥാനത്തിലുണ്ട്. അതിനെ പ്രയോജനപ്പെടുത്തുന്നതിനായി ആരംഭിച്ചിരിക്കുന്ന ചീനക്കളിമൺ കൈത്തൊഴിൽശാല പൂർത്തിയാകാറായിരിക്കുന്നു. മററു വ്യവസായപരിപോഷണപദ്ധതികളും ആലോചനയിൽ ഇരിക്കുകയാണ്. സുപ്രസിദ്ധ വ്യവസായസ്ഥാപനമായ സാസ്സൂൺകമ്പനി ഒരു ജവുളിത്തൊഴിൽശാലയ്ക്കു സ്ഥാനമായി ആലുവാപ്പട്ടണം തിരഞ്ഞെടുത്തിരിക്കുന്നു. ഇതിന് ഭാവിയിൽ മഹത്തായ സാദ്ധ്യതകൾ ഉണ്ട്. ഔഷധങ്ങൾകൂടി ഉണ്ടാക്കുന്ന വൻപിച്ച തോതിലുള്ള ഒരു പഞ്ചസാരനിർമ്മാണശാലയും വാററുശാലയും ഈ സംസ്ഥാനത്തു് പ്രവർത്തനം നടത്തിവരുന്നു. രാജ്യത്തിലെ വനവിഭവങ്ങളെ ആദായകരമാംവണ്ണം പ്രയോജനപ്പെടുത്തുന്നതിനുള്ള ഉപായങ്ങൾ നടപ്പാക്കിവരുന്നു.

പല കാര്യങ്ങൾക്കും, ഇരുമ്പിനും ഉരുക്കിനും പകരമായി, ഞങ്ങളുടെ വക തടി ഉപയോഗിക്കത്തക്കവണ്ണം അതിനെ ഉറപ്പുള്ളതാക്കുന്നതിനു വിദഗ്ദ്ധമേൽനോട്ടത്തിൽ ഞങ്ങൾ ശ്രമിച്ചുവരികയാണ്. ഞങ്ങളുടെ മാർദ്ദവമുള്ള പല തടികളും, മുളയും ഈറയും കൃത്രിമപ്പട്ടങ്ങളാക്കാനായി ഉപയോഗിക്കുന്നതിനു ഉദ്ദേശിച്ചിരിക്കുന്നു. വന്യജന്തുക്കളേയും മൃഗങ്ങളേയും സംരക്ഷിക്കുന്ന കാര്യത്തിൽ പ്രത്യേകശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. വിശേഷിച്ചു ഇതിലേക്കായി പെരിയാർ തടാകതീരത്തു് ഒരു വന്യമൃഗസങ്കേതം നിർമ്മിച്ചിരിക്കുന്നു. ഇതാകട്ടെ രാജ്യസഞ്ചാരികൾക്കും കാഴ്ചക്കാർക്കും, ആനയും കാട്ടുപോത്തും, കലമാനും ചിലപ്പോൾ കടുവായും പുലിയും അവയുടെ സ്വാഭാവികരീതിയിൽ നിർബാധം സഞ്ചരിക്കുന്ന ഏററവും ദുർലഭമായ കാഴ്ച കാണ്മാൻ സൗകര്യം നൽകുന്നു.

സാമ്രാജ്യകൃഷിപര്യവേക്ഷണസമിതിയിൽ തിരുവിതാംകൂറിനു് പ്രാതിനിധ്യം ലഭിച്ചിട്ടുണ്ട്. കൃഷിസംബന്ധമായി തീവ്രമായ പര്യവേക്ഷണത്തിന്റെയും പ്രവർത്തനത്തിന്റെയും ആവശ്യകത ബോദ്ധ്യപ്പെടുകയും തൽഫലമായി ഉൽപ്പന്നങ്ങൾ വിററഴിക്കുന്നതു സംബന്ധിച്ചു കൃഷികാര്യങ്ങളിൽ ഗവണ്മെന്റിനെ ഉപദേശിക്കുന്നതിനു ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു സമിതി ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വാണിജ്യസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേയ്ക്കു് ഇൻഡ്യാഗവണ്മെന്റുമായി സഹകരിച്ചു് രണ്ടു മാർക്കററിംഗ് ഉദ്യോഗസ്ഥന്മാരെ നിയമിച്ചിരിക്കുന്നു.

ആരോഗ്യപരമായ വിഷയങ്ങളെക്കുറിച്ചുള്ള പ്രസംഗങ്ങൾ പ്രക്ഷേപണം ചെയ്തും മററും സംസ്ഥാനത്തിലെ പൊതുജനാരോഗ്യവകുപ്പു് വളരെ പ്രയോജനകരമായ പ്രചരണജോലി നടത്തിവരുന്നു. മലമ്പനി മുതലായ പകർച്ചവ്യാധികളോടു് എതിരിട്ടു് അവയെ ശമിപ്പിക്കുന്നതിൽ ആ വകുപ്പു് വളരെ പ്രയോജനമായിട്ടുണ്ടെന്നുമാത്രമല്ല, പ്ലേഗ്, കോളറാ മുതലായ മഹാമാരികൾ സംസ്ഥാനത്തിലേയ്ക്കു് കടക്കാതെ തടയുന്ന കാര്യത്തിൽ വിജയപൂർവ്വം പ്രവർത്തിച്ചിട്ടുമുണ്ട്.

തലസ്ഥാനനഗരത്തിലെ ജലനിർഗ്ഗമനപദ്ധതിക്കുപുറമെ, ആലപ്പുഴ, ചെങ്കോട്ട, നാഗർകോവിൽ എന്നീ പട്ടണങ്ങളിൽ വലിയതോതിലുള്ള ജലവിതരണപദ്ധതികളും ആരംഭിച്ചിരിക്കുന്നു.

കാടും മേടും കായലുകളും ഇടകലർന്നുള്ള ഈ രാജ്യത്തു് റെയിൽവേ നീട്ടുന്നതിനുള്ള വൈഷമ്യം മനസ്സിലാക്കുകയാലും, സംസ്ഥാനത്തിന്റെ കൃഷിപരവും തൊഴിൽപരവുമായവളർച്ച സുഗമമാക്കുന്നതിനു, വഴിയാംവണ്ണം സംഘടിപ്പിച്ചിട്ടുള്ളതും കാര്യക്ഷമവുമായ ഒരു വാഹനഗതാഗതപദ്ധതി അവശ്യം വേണ്ടതാണെന്നു് തോന്നുകയാലും സംസ്ഥാനത്തിൽ ഏതാനും ഭാഗങ്ങളിലെ റോഡ് ട്രാൻസ്പോർട്ട് നിയന്ത്രണം ഏറെറടുക്കുക എന്ന പരീക്ഷണം എന്റെ ഗവണ്മെന്റു ആരംഭിച്ചു.

ബോംബെയിൽ നിന്നു തിരുവനന്തപുരത്തേയ്ക്കും തിരുവനന്തപുരത്തുനിന്നു ട്രിച്ചിനാപ്പള്ളിയിലേയ്ക്കും വിമാനയാത്രാസൗകര്യം ഏർപ്പെടുത്തി തിരുവനന്തപുരത്തെ ലോകത്തിലെ വിമാനത്തുറമുഖങ്ങളുമായി ബന്ധിച്ചിരിക്കുന്നു എന്നുള്ളതും ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.

പുരുഷന്മാരുടേയും സ്ത്രീകളുടേയും വിദ്യാഭ്യാസകാര്യത്തിൽ തിരുവിതാംകൂറിനു് ഏററവും ഉയർന്ന ഒരു സ്ഥാനമുണ്ടെന്നുള്ളതു് പരക്കെ അറിവുള്ളതാണ്. ഇടത്തരക്കാരായ ജനങ്ങളുടെ ഇടയിലുള്ള തൊഴിലില്ലായ്മ രൂക്ഷമായി വളർന്നു വരുന്നു എന്നുള്ളതുകൊണ്ടുമാത്രമല്ല, നാട്ടിലെ കൃഷിപരവും തൊഴിൽപരവുമായ പ്രശ്നങ്ങൾക്കു നിവൃത്തിയുണ്ടാക്കുന്നതിനു് രാജ്യത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ വിദ്യാഭ്യാസരീതിക്കു് ഒരു പുതിയ രൂപം കൊടുക്കണമെന്നു് പൂർണ്ണമായി മനസ്സിലാക്കിയതിനാലും തിരുവിതാംകൂറിനു് ഒരു പ്രത്യേകസർവകലാശാല ഏർപ്പെടുത്തി മനുഷ്യതാൽപ്പര്യപ്രധാനമായ പഠനങ്ങളുടെ ഒരു ഉററവിഭാഗമായി കേരളസാഹിത്യത്തിലും കേരളകലകളിലും ശ്രദ്ധ പതിപ്പിക്കുന്നതിനു പുറമെ ഒരു സാധാരണ പൗരന്റെ ക്ഷേമത്തേയും ജീവിതനിലയേയും നേരിട്ടു സ്പർശിക്കുന്ന പ്രായോഗികപഠനശാഖകളിലും ശ്രദ്ധ ഉറപ്പിക്കണമെന്നാണു സർവകലാശാലകൊണ്ടു ഉദ്ദേ

ശിച്ചിരിക്കുന്നു. തിരുവിതാംകൂർ മുതലെടുപ്പിന്റെ അഞ്ചിലൊരംശം വിദ്യാഭ്യാസത്തിനായി ചെലവാക്കുന്നു. അക്ഷരജ്ഞാനം ഉള്ളവരായ പുരുഷന്മാരുടെ എണ്ണം നൂറിന് ൪൫-ം സ്ത്രീകളുടെ സംഖ്യ നൂറിന് ൫൬-ം ആണ്. ഇൻഡ്യ ഒട്ടുക്ക ഇതിന്റെ ശരാശരി യഥാക്രമം ൫൯-ം, ൧-ം ശതമാനം മാത്രമാകുന്നു. സംസ്ഥാനത്തിൽ നാല് ഒന്നാം ഗ്രേഡ് കാളേജുകളും, മൂന്നു രണ്ടാംഗ്രേഡ് കാളേജുകളും, ഒരു സംസ്കൃതകാളേജും ഒരു ലാകാളേജും, ഒരു ടീച്ചേഴ്സ് ട്രെയിനിംഗ് കാളേജും ഒരു ആയുർവ്വേദകാളേജും ഉണ്ട്. ഏതാണ്ട് എട്ടുലക്ഷത്തോളം വിദ്യാർത്ഥികളെ പഠിപ്പിച്ചുവരുന്ന മൂവായിരത്തിലധികം വിദ്യാലയങ്ങളും ഞങ്ങൾക്കുണ്ട്. സംസ്ഥാനത്തിലെ പ്രായപൂർത്തിവന്ന ആളുകൾക്ക് വിദ്യാഭ്യാസസൗകര്യത്തിനായി വിദ്യാഭ്യാസവകുപ്പുമുഖേന ഗ്രാമീണഗ്രന്ഥശാലാപദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. അപ്രകാരമുള്ള എഴുപത്തിരണ്ടു ഗ്രന്ഥശാലകൾ ഇപ്പോൾ സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ പ്രവർത്തനം നടത്തിവരുന്നു. ജനങ്ങൾക്ക് സൗന്ദര്യബോധപരമായ വിദ്യാഭ്യാസം നൽകുന്നതിനും അവരുടെകലാവാസനയെ പ്രോത്സാഹിപ്പിച്ച് ഉന്മേഷപ്പെടുത്തുന്നതിനും ഉദ്ദേശിച്ച് 'ശ്രീചിത്രാലയം' എന്ന പേരിൽ ഒരു ചിത്രശാല സ്ഥാപിച്ചിട്ടുണ്ട്.

പൊതുജനക്ഷേമത്തിനുള്ള ഗുണപ്രദങ്ങളായ പദ്ധതികൾക്ക് ചിലവു വർദ്ധിച്ചുവരികയാണെന്നിരുന്നാലും, കൂടുതൽ നികുതി ചുമത്താതെതന്നെ മുൻപൊരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു സംഖ്യയായ ൧൩ ലക്ഷം രൂപ വരവിനത്തിൽ ബഡ്ജററു തയ്യാറാക്കാൻ ഞങ്ങൾക്കു സാധിച്ചു എന്നുള്ളത് ഏററവും ചാരിതാർത്ഥ്യജനകമായ ഒരു സംഗതിയാണ്.

താരതമ്യേന വിസ്തീർണ്ണം കുറഞ്ഞതും നിബിഡമായ ജനവാസമുള്ളതുമായ ഈ സംസ്ഥാനത്തിന്റെ വരുംകാലങ്ങളിലെ അഭിവൃദ്ധി ശരിയായി പുനഃസംഘടിപ്പിച്ച വിദ്യാഭ്യാസപരിശീലനത്തിന്റെ പിൻതലത്തിൽ ബുദ്ധിപൂർവകമായ വ്യവസായീകരണനയത്തെയും കൃഷിപരമായുള്ള തീവ്രപ്രവർത്തനങ്ങളേയുമാണ് ആശ്രയിച്ചിരിക്കുന്നതെന്ന് എനിക്ക് ബോദ്ധ്യമുണ്ട്. അതിനാൽ ഞങ്ങൾ ചെയ്യേണ്ടതായ കാര്യങ്ങൾ ബഹുമുഖങ്ങളാണെന്നു മാത്രമല്ല അവയ്ക്ക് ഏറെയും സൂക്ഷ്മതയോടുകൂടിയ രൂപീകരണവും പൊതുവിലുള്ള സഹകരണവും ആവശ്യവുമാകുന്നു.

ഈ ഘട്ടം ലോകത്തിന്റെ എന്നപോലെ ഈ രാജ്യത്തിന്റേയും ചരിത്രത്തിൽ ഏററവും ശ്രദ്ധാർഹമായ പ്രാധാന്യത്തോടുകൂടിയ ഒന്നാണെന്നും ഈ അവസരത്തിൽ ആവശ്യമായുള്ളത് അധീശശക്തിയും ഇൻഡ്യൻ നാട്ടുരാജ്യങ്ങളും തമ്മിൽ കഴിയുന്നത്ര യോജിച്ചുള്ളതും ഫലപ്രദവുമായ സഹകരണമാണെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള സഹപ്രവർത്തനത്തിൽ എന്റെ സംസ്ഥാനം അതിന്റെ സ്ഥിതിക്കനുസരണമായും വേണ്ടിടത്തോളവും പങ്കെടുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ സന്ദർഭത്തിൽ എനിക്കും എന്റെ ഗവണ്മെൻറിനും റസിഡൻറ് മി. സ്ക്രീനിൽനിന്ന് എല്ലായ്പ്പോഴും ലഭിച്ചിട്ടുള്ള വിലമതിക്കാൻ പാടില്ലാത്ത സഹായം സന്തോഷത്തോടെ അംഗീകരിച്ചു പ്രസ്താവിക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നു.

അശേഷം കുറവുകൂടാതെ തന്റെ വൈഭവശക്തികളും മഹത്തായ സംഘടനാചാതുരിയും ജനങ്ങളുടെ ക്ലേശനിവാരണജോലികൾക്കായും വിശേഷിച്ച് ക്രൂരമായ ക്ഷയരോഗത്തിന്റെ ഭയങ്കരപ്രവർത്തനത്തെ തടയുന്നതിനും വിനിയോഗിച്ച ബഹുമാനപ്പെട്ട പ്രഭ്വി അവർകളെപ്പററി ഞാൻ അവസാനമായി ഒന്നു പറഞ്ഞുകൊള്ളട്ടെ. ബഹുമാനപ്പെട്ട പ്രഭ്വി അവർകൾ നാളെ ശിലാസ്ഥാപനകർമ്മം നിർവഹിക്കുന്ന ക്ഷയരോഗാശുപത്രിയോട് ആ മഹതിയുടെ നാമധേയം ഘടിപ്പിക്കുവാൻ സാധിച്ചത് ഞങ്ങളുടെ ഭാഗ്യമാകുന്നു.

ബഹുമാനപ്പെട്ട പ്രഭു അവർകളെ, പ്രഭ്വി അവർകളെ, മഹതികളെ, മഹാന്മാരെ, ബഹുമാനപ്പെട്ട വൈസ്രായി അവർകൾക്ക് ക്ഷേമാശംസ ചെയ്യുന്നതിന് എനിക്ക് അത്യധികമായ സന്തോഷമുണ്ട്. പ്രഭു അവർകളുടെയും ലിൻലിത്ഗോ പ്രഭ്വി അവർകളുടെയും ആരോഗ്യ സൗഭാഗ്യങ്ങൾക്കായി ഇവിടെ സന്നിഹിതരായിരിക്കുന്ന എല്ലാവരും പാനോപചാരം ചെയ്യുന്നതിന് ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

ഫ.ന. അപ്പോൾ ബാൻഡ്, 'ഗാഡ് സേവ് ദി കിങ്' എന്ന ഗാനത്തിന്റെ ആദ്യത്തെ ആറു പാദങ്ങൾ വായിച്ചു.

ന.ർ. പിന്നീട് മഹാരാജാവു തിരുമനസ്സിലേക്ക് ക്ഷേമാശംസ ചെയ്തുകൊണ്ടു ബഹുമാനപ്പെട്ട വൈസ്രായി അവർകൾ താഴെ കാണുംപ്രകാരം പ്രസ്താവിച്ചു:—

തിരുമേനിമാരെ, മഹതികളെ, മഹാന്മാരെ,

ലിൻലിത്ഗൊ പ്രഭ്വിക്കും എനിക്കും നൽകിയ സ്വാഗതത്തിനായി—ഞാൻ അത്യന്തം വിലയുള്ളതായി കരുതുന്നസ്നേഹവും ആത്മാർത്ഥതയും കലർന്ന സ്വാഗതത്തിനായി—ഞാൻ മഹാരാജാവു തിരുമനസ്സിനോട് അതീവ കൃതജ്ഞനായിരിക്കുന്നു. ഇന്നു തിരുവിതാംകൂറിൽ സന്നിഹിതരായിരിക്കുന്നതിനും അവിടുത്തെ ഈ പുരാതനവും വിശ്രുതവുമായ സംസ്ഥാനത്തെ—തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചതുപോലെ ചക്രവർത്തിതിരുമേനിയും അവിടുത്തെ മുൻഗാമികളുമായി ചരിത്രപരമായിട്ടുതന്നെ ഏററവും പഴക്കമുള്ള ബന്ധത്തോടു കൂടിയ സംസ്ഥാനത്തെ—അധീശാധികാരത്തോടുള്ള ഭക്തിയാൽ ഉൽകൃഷ്ടപ്രശസ്തിനേടിയ ഈ സംസ്ഥാനത്തെ—സന്ദർശിക്കുന്നതിന് ഞങ്ങൾ രണ്ടാൾക്കും വളരെ ആനന്ദമുണ്ടു.

തിരുമേനിയെ കഴിഞ്ഞതവണ കണ്ടു സന്തോഷിക്കാൻ ഇടയായിട്ട് ഇപ്പോൾ രണ്ടു വർഷമായിരിക്കുന്നു. എന്റെ ഉദ്യോഗകാലത്തിനിടയിൽ ഇതിലും നേരത്തെ തിരുവിതാംകൂർ സന്ദർശിക്കാൻ എനിക്ക് സന്ദർഭമുണ്ടായില്ലല്ലോ എന്ന് ഞാൻ ഖേദിക്കുകയാണ് ചെയ്യുന്നത്. തിരുമനസ്സുകൊണ്ട് അനുസ്മരിപ്പിച്ചതുപോലെ, ഒരു വൈസ്രായി അവിടുത്തെ സംസ്ഥാനം സന്ദർശിച്ചശേഷം കഴിഞ്ഞ അമ്പതുവർഷത്തിനിടയിൽ വിവിധരൂപത്തിലും ദൂരവ്യാപകവുമായുള്ള പരിപോഷണങ്ങൾക്ക് സൗകര്യമുണ്ടായിട്ടുണ്ട്.

ഭരണസംബന്ധമായി നാനാമുഖവും ഏററവും വിസ്തൃതപരിധിയിൽ വ്യാപിച്ചിട്ടുള്ളതുമായ മാററങ്ങളെപ്പററി തിരുമനസ്സുകൊണ്ട് സദയം ഞങ്ങൾക്ക് നൽകിയ വിവരണത്തെ ഞാൻ ശ്രദ്ധാപൂർവം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. തിരുവിതാംകൂറിൽ ആദ്യമായി നിയമസഭ സ്ഥാപിച്ചിട്ട് ഇപ്പോൾ അര നൂററാണ്ടു കഴിഞ്ഞിരിക്കുന്നു. അവിടുത്തെ നിയമസമിതികളുടെ അധികാരങ്ങളിലും പ്രവർത്തനരംഗങ്ങളിലും ഉണ്ടായിട്ടുള്ള വികാസങ്ങളെപ്പററി തിരുമനസ്സുകൊണ്ടു ചെയ്ത പ്രത്യവലോകനത്തെ ഞാൻ വളരെ താല്പര്യത്തോടെ കേട്ടു. ധനസംബന്ധമായി ഫലപ്രദമായ നിയന്ത്രണം നടത്തുന്നതിന് അസംബ്ലിയെ ശക്തമാക്കാൻ അവിടുന്ന് ചെയ്തിരിക്കുന്ന ഏർപ്പാടുകളെ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. ബഡ്ജററു തയ്യാറാക്കുകയും ആതിനെ രണ്ടു നിയമസഭാമണ്ഡലങ്ങളിലും അവതരിപ്പിക്കുകയും ചെയ്യുന്ന രീതികളും, ആണ്ടുതോറുമുള്ള കണക്കുപരിശോധനയും പണം വിനിയോഗിക്കലും സംബന്ധിച്ച നടപടികൾ നിയമസഭയാൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു പബ്ലിക്ക് അക്കൗണ്ട്സ് കമ്മററി മുഖേന പരിശോധിക്കുന്നതിനു അവിടുന്ന് ചെയ്തിട്ടുള്ള ഏർപ്പാടുകളും ഞാൻ ശ്രദ്ധിച്ചുകേട്ടു. അവിടുന്ന് പ്രസ്താവിച്ചതുപോലെ നിയമസഭാമണ്ഡലങ്ങളുടെ നിയമനിർമ്മാണപരമായ പ്രവർത്തനം അത്രമാത്രം ശ്രദ്ധേയമായിരുന്നു എന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. തൊഴിലാളികളെ സംബന്ധിച്ച നിയമനിർമ്മിതിയിൽ അവ നിർവഹിച്ചിട്ടുള്ള നടപടികളെ ഞാൻ സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

ബ്രിട്ടീഷ് ഇൻഡ്യയുടെ കാര്യത്തിൽ പ്രധാന്യമേറിയതാണെന്ന് ജായിൻറുസെലക്റ്റ് കമ്മററിയും പാർളമെൻറും ഉറപ്പിച്ചു പറഞ്ഞിട്ടുള്ള ഏർപ്പാടാണ് തിരുമനസ്സിലെ പബ്ലിക്ക് സർവീസ് കമ്മീഷണരുടെ നിയമനംകൊണ്ടു സാധിച്ചിട്ടുള്ളത്. സിവിൽ സർവീസിലെ വിവിധ പടികളിലേയ്ക്ക് ആളുകളെ നിയമിച്ചെടുക്കുന്നതിനും ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ ശമ്പളം ക്രമീകരിക്കുന്നതിനും തിരുമേനി ചെയ്തിട്ടുള്ള ഏർപ്പാടുകളെ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. പിന്നോക്കസമുദായങ്ങളുടെ നില സുരക്ഷിതമാക്കുന്നതിനും, പട്ടാളത്തിൽ ആൾചേർക്കുന്നതിനുള്ള പരിധി വിശാലമാക്കുന്നതിനും, കർ-

ടുണ്ടാകാരത്തിന് ശമനമുണ്ടാകുന്നതിനും (ഇക്കാര്യത്തിന് ഞാൻ വളരെ പ്രാധാന്യം കല്പിക്കുന്നു) തിരുമനസ്സുകൊണ്ടും അവിടത്തെ ഗവണ്മെന്റും ചെയ്തിട്ടുള്ള നടപടികൾ ശ്രദ്ധേയമായിരിക്കുന്നു. തിരുവിതാംകൂറിൽ ജന്മിയും കുടിയാനും തമ്മിലുള്ള ബന്ധങ്ങളെ ക്ലിപ്തപ്പെടുത്തുന്ന ആക്ടിന്റെ ഫലമായി കുടിയാന്റെ വസ്തുനടപ്പിൽ സ്ഥിരതയും അവകാശങ്ങൾക്ക് ഉറപ്പും ലഭിക്കുന്ന എന്നുള്ള കാര്യം ഞാൻ വളരെ താല്പര്യത്തോടെ ശ്രദ്ധിക്കുന്നു. തിരുവിതാംകൂറിലെ കർഷകരുടെ ഇടയിലുണ്ടെന്ന ഞാൻ വളരെ ഖേദത്തോടുകൂടി കേൾക്കുന്ന കഠിനദാരിദ്ര്യങ്ങൾക്ക് ശമനമുണ്ടാകുമെന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. കൃഷിസംബന്ധമായ ബോർഡിന്റെ സ്ഥാപനം, മാർക്കറ്റിംഗ് ഉദ്യോഗസ്ഥന്മാരുടെ നിയമനം, കൃഷിപരമായുള്ള തീവ്രമായ പര്യവേഷണത്തിന്റെയും പ്രവർത്തനത്തിന്റെയും ആവശ്യകതയെപ്പറ്റി അവിടുന്ന പ്രദർശിപ്പിച്ച മതിപ്പ് എന്നിവ കർഷകപ്രശ്നത്തെ—ഇന്ന് ഇൻഡ്യയിൽ അത്യന്തം ജീവസ്പർശിയായ പ്രാധാന്യം വഹിക്കുന്ന ആ പ്രശ്നത്തെ— എത്രമാത്രം ഉൽക്കണ്ഠയോടുകൂടിയാണ് തിരുമനസ്സുകൊണ്ടു വീക്ഷിക്കുന്നതെന്ന് വെളിവാക്കുന്നു.

ഇപ്രകാരമുള്ള ഒരു സന്ദർഭത്തിൽ നാളികേരപ്രശ്നത്തെ ഞാൻ സ്പർശിക്കുമെന്ന് അവിടുന്ന് പ്രതീക്ഷിക്കുകയില്ലെന്ന എനിക്ക് അറിയാം. എങ്കിലും അതേപ്പറ്റി തിരുമേനി ചെയ്ത പ്രസ്താവനകളെ ഞാൻ താല്പര്യത്തോടുകൂടി കേട്ടു.

സംസ്ഥാനത്തിലെ ജലോൽപാദിത വൈദ്യുതശക്തി പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതി അവിടുന്ന് പറയുന്നതുപോലെ വ്യവസായത്തിന് പുതിയ ഉണർവ്വ് ഉണ്ടാക്കുമെന്ന ഞാനും ആശിക്കുന്നു. തിരുവിതാംകൂറിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം കുടിൽവ്യവസായാഭിവൃദ്ധിക്ക അവിടുന്ന് കല്പിക്കുന്ന പ്രാധാന്യം ശരിയായിട്ടുള്ളതാണെന്ന് എനിക്ക് നിശ്ചയമുണ്ട്. തിരുവിതാംകൂറിന് വലുതായ പ്രകൃതിവിഭവങ്ങൾ ഉണ്ട്. അവയുടെ പരിപോഷണത്തിനായി നല്ലപോലെ ആലോചിച്ചുണ്ടാക്കിയിട്ടുള്ള പദ്ധതി— അതിന്റെ ഏകദേശമായ ഒരു രൂപം തിരുമനസ്സുകൊണ്ട് ഇവിടെ പ്രസ്താവിക്കുകയുണ്ടായി—സംസ്ഥാനത്തിന് യഥാർത്ഥവും സുസ്ഥിരവുമായ നന്മ പ്രദാനം ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. വിശേഷിച്ച് സംസ്ഥാനത്തിലെ മഹത്തായ വനവിഭവങ്ങളെ ആദായകരമാംവണ്ണം പ്രയോജനപ്പെടുത്താൻ അവിടുന്ന് ഉദ്ദേശിക്കുന്ന പദ്ധതിയുടെ പുരോഗമനപരമായ സ്വഭാവം എന്റെ ശ്രദ്ധയെ ബലമായി ആകർഷിച്ചു. ഈ പരിപോഷണപദ്ധതി നടപ്പാക്കുന്നതോടുകൂടി തിരുവിതാംകൂറിന്റെ പ്രകൃതിസൌന്ദര്യങ്ങളെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെ അവിടുന്ന് ധരിക്കുമെന്ന കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. പെരിയാർ തടാകത്തിനരികിൽ സ്ഥാപിച്ചിട്ടുള്ള വന്യമൃഗസങ്കേതത്തെപ്പറ്റിയും ഞാൻ വളരെ അഭിനന്ദനത്തോടുകൂടി കേട്ടു.

തിരുമേനിയുടെ സംസ്ഥാനത്തിലെ വിദ്യാഭ്യാസനില എത്ര ഉന്നതമാണെന്ന് എനിക്ക് നല്ലപോലെ അറിയാം. പുരുഷന്മാരുടെ ഇടയിലാകട്ടെ, സ്ത്രീകളിലാകട്ടെ, അവിടുന്ന് ഇപ്പോൾ ഉദ്ധരിച്ച അക്ഷരജ്ഞാനത്തിന്റെ വിശിഷ്ടസ്വഭാവത്തെക്കുറിച്ച് ഞാൻ പ്രത്യേകിച്ച് എടുത്തു പറയേണ്ട ആവശ്യമില്ലല്ലൊ. ഇന്നത്തെ ലോകത്തിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം—അത് അവിടുന്ന് പറയുന്നതുപോലെ തൊഴിലില്ലായ്മ സംബന്ധിച്ചായാലും കൃഷിപരവും വ്യവസായപരവുമായ പ്രശ്നങ്ങൾ സംബന്ധിച്ചായാലും—എത്രമാത്രമാണെന്ന് പറയുക പ്രയാസമാണ്. നടപ്പിൽ വന്നിട്ടുള്ളതായി ഇന്ന് തിരുമേനിക്ക് ചൂണ്ടിക്കാണിക്കാവുന്ന അഭിവൃദ്ധികൾ ഏതൊരു ഭരണാധികാരിക്കും ന്യായമായി അഭിമാനിക്കാവുന്നതരത്തിലുള്ളവയാണ്. അവിടുന്ന് നേടിക്കഴിഞ്ഞ കാര്യങ്ങൾക്കായി ഞാൻ തിരുമേനിയെ ഏററവും ഹാർദ്ദമായി അഭിനന്ദിക്കുന്നു.

തിരുമനസ്സുകൊണ്ടു അഭിപ്രായപ്പെട്ടതുപോലെ ഈ ഘട്ടം ലോകത്തിന്റെ പൊതുവിലെന്നതുപോലെ ഈ രാജ്യത്തിന്റെ ചരിത്രത്തിലും വിശേഷവിധിയായ പ്രാധാന്യമുള്ള

ഒന്നുതന്നെയാണ്. തിരുമേനി ശരിയായി ഊന്നിപ്പറഞ്ഞതുപോലെ ഇൻഡ്യൻ രാജ്യങ്ങളും അധീശാധികാരവും തമ്മിലുള്ള അതിപ്രധാനമായ സഹകരണത്തിൽ ഇന്നത്തെ സംസ്ഥാനം അതിനു യോജിച്ച വിധത്തിലും വേണ്ടിടത്തോളവും പ്രവർത്തിക്കാൻ തയ്യാറാണെന്ന് അവിടുന്ന് നൽകുന്ന ഉറപ്പിനെ ഞാൻ സ്വാഗതം ചെയ്യുന്നു. എന്റെ റസിഡൻറിന്റെ ജോലിയെപ്പററി അവിടുന്ന് ചെയ്ത പ്രശംസ ഞാൻ സന്തോഷത്തോടുകൂടി കേട്ടു. അവിടുത്തെ സംസ്ഥാനവും എന്റെ പ്രതിനിധിയും തമ്മിലുള്ള ബന്ധം അത്ര സൗഹാർദ്ദപൂർവമാണെന്നറിയുന്നതിൽ എനിക്ക് വലിയ ചാരിതാർത്ഥ്യമുണ്ട്.

ക്ഷയരോഗത്തിന്റെ ക്രൂരപ്രവർത്തനങ്ങളിൽനിന്നും മോചനം നേടുന്നതിൽ സഹായിക്കാനായുള്ള എന്റെ ഭാര്യയുടെ പ്രയത്നങ്ങളെപ്പററി തിരുമനസ്സുകൊണ്ട് ദയാപൂർവം ചെയ്ത പ്രസ്താവനകൾക്കായി, എന്റെ പ്രസംഗം അവസാനിക്കുന്നതിനു മുൻപ്, എനിക്കുള്ള അത്യധികമായ കൃതജ്ഞത ഞാൻ പറഞ്ഞുകൊള്ളട്ടെ. അവിടുത്തെ വകയായ പുതിയ ക്ഷയരോഗാശുപത്രിയുടെ ശിലാസ്ഥാപനകർമ്മം നിർവഹിക്കുന്നതിനും അവരുടെ നാമധേയം ആ ആശുപത്രിയുമായി ഘടിപ്പിക്കാനും എന്റെ പത്നിക്ക് വളരെ സന്തോഷമുണ്ടായിരിക്കും. ഈമാതിരി നിവാരണപരവും ചികിത്സാപരവുമായ സ്ഥാപനംകൊണ്ട് സംസ്ഥാനത്തിനും ജനങ്ങൾക്കും യഥാർത്ഥവും ശാശ്വതവുമായ പ്രയോജനമുണ്ടാകുമെന്നുള്ളതിനെപ്പററി എനിക്ക് യാതൊരു സംശയവുമില്ല.

എന്റെ പ്രസംഗം സമാപിപ്പിക്കുന്നതിനു മുമ്പായി അവിടുത്തെ ഹൃദയപൂർവമായ സ്വാഗതത്തിനായി ലിൻലിത്ഗൊ പ്രഭ്വിക്കും എന്റെ കുടുംബത്തിനും എനിക്കും വേണ്ടി ഞാൻ അവിടുത്തേയോട് ഏററവും ഹാർദ്ദമായി കൃതജ്ഞത പറഞ്ഞുകൊള്ളട്ടെ. ഇന്നിവിടെ സന്നിഹിതരായിരിക്കാൻ ഞങ്ങൾക്ക് എത്രമാത്രം സന്തോഷമുണ്ടെന്നുള്ളത് ഞാൻ ആവർത്തിച്ചു പറഞ്ഞുകൊള്ളട്ടെ. തിരുമനസ്സിലേയും അവിടുത്തെ സംസ്ഥാനത്തിന്റെയും ഭാവിയെ സംബന്ധിച്ച് എന്റെ ഉത്തമവും ആത്മാർത്ഥവുമായ ആശംസകൾ ഉണ്ടായിരിക്കുന്നതാണ്. എന്റെ സന്ദർശനത്തിൽ എനിക്കു അത്യധികമായ സന്തോഷം പ്രദാനം ചെയ്ത തിരുവിതാംകൂറിന്റെ ഭാഗധേയങ്ങളെപ്പററി ഞാൻ സദാ ശ്രദ്ധയും താല്പര്യവുമുള്ളവനായിരിക്കുമെന്നു അവിടുത്തേക്ക് ഉറപ്പായി വിശ്വസിക്കാവുന്നതാണ്.

മഹതികളേ, മഹാന്മാരേ, ഞാൻ തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലേക്ക് ഭാവുകം ആശംസിക്കുന്നു.

൧൬. അപ്പോൾ ബാൻഡ് തിരുവിതാംകൂർ ദേശീയഗാനം മുഴുവനും വായിച്ചു.

൧൭. ക്ഷേമാശംസകൾ സ്വീകരിച്ചതും അവയ്ക്കു മറുപടി പറഞ്ഞതും ഏററവും ഹാർദ്ദമായും സന്തോഷപുരസ്സരവും ആയിരുന്നു. വിരുന്നിന്റെ അവസാനത്തിൽ, ബഹുമാനപ്പെട്ട പ്രഭു അവർകളും, പ്രഭ്വി അവർകളും മഹാരാജാവു തിരുമനസ്സിനാലും പരിവാരങ്ങളാലും അനുഗതരായി ഉദ്യാനത്തിലേയ്ക്കു പോകയും പടിഞ്ഞാറെ ടെറസ്സിൽ ഒരുക്കിയിരുന്ന സ്ഥാനങ്ങളിൽ ഇരുന്നുകൊണ്ട് ഒരു വെടിക്കെട്ടു പ്രദർശനം സന്ദർശിക്കയും ചെയ്തു. അതിനുശേഷം ബഹുമാനപ്പെട്ട പ്രഭു അവർകളും പ്രഭ്വി അവർകളും തിരുമേനിമാരോടു യാത്രപറഞ്ഞു അതിഥിമന്ദിരത്തിലേക്കു തിരിച്ചുപോയി.

൧൮. ജനുവരി ൧൮-ാം൹- ബുധനാഴ്ച രാവിലെ ൧൧ മണിക്ക് ബഹുമാനപ്പെട്ട പ്രഭ്വി അവർകൾ ഒരു പത്രിയാൽ അനുഗതയായി ശ്രീമൂലം ഷഷ്ട്യബ്ദപൂർത്തിസ്മാരകമന്ദിരം സന്ദർശിച്ചു. അവരെ ആ സ്ഥാപനത്തിന്റെ ആണററി സെക്രട്ടറി സ്വീകരിച്ചു. ബഹുമാനപ്പെട്ട പ്രഭ്വി അവർകൾ പ്രദർശനസാധനങ്ങളിൽ ചിലതു് വിലയ്ക്കു വാങ്ങുകയുണ്ടായി.

൧൯. രാവിലെ ൧൧—൨൦-ന് ബഹുമാനപ്പെട്ട പ്രഭു അവർകളും പ്രഭ്വി അവർകളും തിരുവനന്തപുരത്തുനിന്നും ദക്ഷിണതിരുവിതാംകൂറിലേയ്ക്കു പുറപ്പെട്ടു. ഡാക്ടർ ഹാ